പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 497 01.12.2015 ൽ മറുപടിക്ക്

## സാധാരണക്കാരോടുള്ള റെയിൽവേയുടെ അവഗണന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.എ.ബേബി<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.റ്റി.വി.രാജേഷ്<br>,, കെ. ദാസൻ : | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സാധാരണക്കാരുടെ സുഗമമായ യാത്രയ്ക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ അവഗണന കാണിക്കുന്ന റെയിൽവേ, യാത്രക്കാരെ നിരക്ക് വർദ്ധനയിലൂടെയും മറ്റും കൊള്ളയടിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിരക്ക് വർദ്ധനവ് മൂലം ട്രെയിൻ യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ടിക്കറ്റ് റിസർവ്വേഷൻ ചെയ്ത യാത്രക്കാർ അത്യാവശ്യഘട്ടങ്ങളിൽ ടിക്കറ്റ് ക്യാൻസൽ ചെയ്യുമ്പോൾ ഈടാക്കിയ ചാർജ്ജിൽ മാറ്റം വരുത്തിക്കൊണ്ട് പുറത്തിറക്കിയ ഉത്തരവ് ഭാരിച്ച സാമ്പത്തിക നഷ്ടം വരുമെന്നത് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | റിസർവേഷൻ ചെയ്ത ടിക്കറ്റുകൾ ക്യാൻസൽ ചെയ്യുമ്പോൾ തുക തിരികെ നൽകുന്നതുമായി ബന്ധപ്പെട്ട് റീ ഫണ്ട് റൂൾസിൽ മാറ്റം വരുത്തികൊണ്ടുള്ള റെയിൽവേ ബോർഡിന്റെ 12.11.2015 ലെ സർക്കുലർ പ്രകാരം യാത്രക്കാർക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നത് ശ്രദ്ധിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ ജനങ്ങളെ കൊള്ളയടിക്കുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | സംസ്ഥാന സർക്കാരിന് റയിൽവേയിൽ നിയന്ത്രണമില്ലാത്ത സാഹചര്യത്തിൽ, ഈ വിഷയത്തിൽ ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് റയിൽവേ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുക മാത്രമാണ് സാധ്യമായ നടപടി. |

സെക്ഷൻ ഓഫീസർ